**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 373** **23-06-2026-ൽ മറുപടിയ്ക്ക്**

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വിഭാഗങ്ങളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയ നിർദ്ദേശങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഉൾപ്പെടെയുള്ള അന്വേഷണ ഏജൻസികളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാനോ നിയന്ത്രിക്കാനോ ഉള്ള എന്തെങ്കിലും നിർദ്ദേശങ്ങളോ ശിപാർശകളോ പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

**മറുപടി:** വിവരാവകാശ നിയമം സെക്ഷൻ 24 പ്രകാരം വിവരം നൽകുന്നതിൽ നിന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ഒഴിവാക്കുന്നത് സംബന്ധിച്ച് വിജിലൻസ് ഡയറക്ടർ 11.01.2025 -ൽ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

**(ബി)** ക്രൈം ബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് വിഭാഗങ്ങളെ നേരത്തെ വിവരാവകാശ പരിധിയിൽ നിന്ന് ഒഴിവാക്കിയതായിട്ടുള്ള സാഹചര്യത്തിൽ അഴിമതി തടയുന്നതിനുള്ള വിജിലൻസ് വിഭാഗത്തിന്റെ വിവരങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നത് അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടെ സുതാര്യതയെ ബാധിക്കില്ലേ; വിശദമാക്കാമോ?

**മറുപടി:** വിവരാവകാശ നിയമം സെക്ഷൻ 24 പ്രകാരം വിവരം നൽകുന്നതിൽ നിന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ഒഴിവാക്കുന്നത് സംബന്ധിച്ച് വിജിലൻസ് ഡയറക്ടർ 11.01.2025 -ൽ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**